# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3486

24.06.2013-ൽ മറുപടിയ്ക്ക്

### ട്രാഫിക് റഗുലേറ്ററി കമ്മിറ്റികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, അൻവർ സാദത്ത്<br>,, ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ട്രാഫിക് റഗുലേറ്ററി കമ്മിറ്റികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ട്രാഫിക് റഗുലേറ്ററി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 2011-ലെ കേരള പോലീസ് ആക്ട് 72-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ ഉപയോഗിച്ച് കേരള സർക്കാർ ഗ്രാമ പഞ്ചായത്തുകളിലും, മുൻസിപ്പാലിറ്റി കളിലും, മുൻസിപ്പൽ കോർപ്പറേഷനു കളിലും, ട്രാഫിക് സംബന്ധമായ കാര്യങ്ങൾ ക്രമീകരിക്കുന്നതിന് ട്രാഫിക് ക്രമീകരണ സമിതികൾ രൂപീകരി ച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെ ല്ലാമാണ്; വിശദമാക്കുമോ; | (ബി) 2011-ലെ കേരള പോലീസ് ആക്ട് 72(3) വകുപ്പനുസരിച്ച് ട്രാഫിക് ക്രമീകരണ സമിതി ഓരോ പ്രദേശത്തും 1988-ലെ മോട്ടോർ വാഹന നിയമവും, 2007 കേരള റോഡ് സുരക്ഷാ അതോറിറ്റി നിയമവുമനുസരിച്ച് പൊതുജനങ്ങൾക്കു ണ്ടാകുന്ന അപകടം, തടസ്സം, അസൗകര്യം മുതലായവ തടയുന്നതി നായി ലക്ഷ്യമിടുന്നു. ഇവ പ്രധാനമായും:<br>1. പൊതുസ്ഥലങ്ങളിലെ എല്ലാ തരത്തി ലുള്ള സമയവും ക്രമീകരിക്കുക, പൊതുനിരത്തിലൂടെ സഞ്ചരിക്കുന്ന വരുടെ ശ്രദ്ധ തിരിക്കാനോ അവർക്ക് അപകടകരമാകാനോ സാധ്യതയുള്ള |

രീതിയിൽ ഏതെങ്കിലും വസ്തുവിൽ കാണപ്പെടുന്ന കമാനം, തോരണം, ബാനർ, ഹോർഡിംഗുകൾ, അടയാളങ്ങൾ, പ്രതിരൂപങ്ങൾ, ലൈറ്റ് ഉപയോഗിച്ചുള്ള പ്രദർശനങ്ങൾ, നിർമ്മാണ പ്രവൃത്തി, കച്ചവടം, വെൽഡിംഗ്, അന്തരീക്ഷ മലിനീകരണം, ശബ്ദശല്യം, പാറപൊട്ടിക്കൽ, ഖനനം, പടക്കം പൊട്ടിക്കൽ, പട്ടം പറപ്പിക്കൽ, കരിമരുന്നു പ്രയോഗം എന്നിവ ക്രമീകരിക്കുകയും ആവശ്യമെങ്കിൽ നീക്കം ചെയ്യുകയും ചെയ്യുക.

2. തെരുവുകളിലൂടെ തടി, കഴ, ഏണി, ഇരുമ്പുപാളി, ബീമുകൾ, ദണ്ഡുകൾ, ബോയിലറുകൾ, കമ്പി, മണ്ണ് കൈകാര്യം ചെയ്യാൻ പ്രയാസമുള്ള മറ്റ് വസ്തുക്കൾ എന്നിവ കൊണ്ടുപോകുന്നതിന്റെ വിധവും രീതിയും ക്രമീകരിക്കുക.

3. റോഡ് ഉപയോഗിക്കുന്നവർക്ക് അപകടമുണ്ടാക്കാവുന്ന സ്ഫോടക വസ്തുക്കളോ അല്ലെങ്കിൽ ഹാനികരമായിരാസവസ്തുക്കളോ പൊതുസ്ഥലങ്ങളിലൂടെ കൊണ്ടുപോകുന്നത് ക്രമീകരിക്കുക.

4. നിലംപതിക്കാൻ പോകുന്ന കെട്ടിടങ്ങളിൽ നിന്നോ മറ്റു കാരണങ്ങളാലോ ഉള്ള അപകടം ഉണ്ടാകുമെന്നു ന്യായമായ ബോധ്യമുള്ള സാഹചര്യങ്ങളിൽ ചില തെരുവുകൾ അടച്ചിടുകയോ ചില സ്ഥലങ്ങളിലേയ്ക്ക് ആരും പ്രവേശിക്കരുതെന്ന് നിഷ്ക്കർഷിക്കുകയോ ചെയ്യുക.

5. റോഡരികിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ കെട്ടിടത്തിലേക്കും സ്ഥലത്തേക്കും തെരുവിൽ നിന്നും പൊതുസ്ഥലത്തു നിന്നും ഉള്ള പ്രവേശനത്തിന്റെ രീതിയും മാർഗ്ഗവും ക്രമീകരിക്കുക. ഇതു സംബന്ധിച്ച്

| | | |
|---|---|---|
| | | സർക്കാരിന് ബാധ്യത വരുത്താതെ പൊതുജനങ്ങൾക്ക് ഗതാഗത നടത്തിപ്പിൽ സ്വമേധയാ സഹായിക്കുന്ന രീതി നിശ്ചയിക്കുക എന്നിങ്ങനെ റോഡപകടങ്ങൾ കുറയ്ക്കുന്നതിനും വിലപ്പെട്ട മനുഷ്യജീവൻ രക്ഷിക്കുന്നതിനുമായി കമ്മിറ്റികളെ പ്രയോജനപ്പെടുത്താവുന്നതുമാണ്. |
| **(സി)** | ഏതെല്ലാം ഏജൻസികളെ ആണ് കമ്മിറ്റിയുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്; | **(സി)** തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവർ ആണ് ട്രാഫിക് റഗുലേറ്ററി കമ്മിറ്റിയുമായി സഹകരിക്കുന്നത്. ഗ്രാമപഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്തു പ്രസിഡന്റ് അദ്ധ്യക്ഷനും, ജില്ലാ മജിസ്ട്രേറ്റ്, പോലീസ് മേധാവി, പി.ഡബ്ല്യു.ഡി. എന്നിവരുടെ പ്രതിനിധികൾ അംഗങ്ങളും, ആർ.ടി.ഒ.യുടെ പ്രതിനിധി കൺവീനറുമാണ്. മുനിസിപ്പാലിറ്റി തലത്തിൽ മുൻസിപ്പൽ ചെയർമാൻ അദ്ധ്യക്ഷനും, ജില്ലാ മജിസ്ട്രേറ്റ്, പോലീസ് മേധാവി, പി.ഡബ്ല്യു.ഡി. എന്നിവരുടെ പ്രതിനിധികൾ അംഗങ്ങളും ആർ.ടി.ഓ-യുടെ പ്രതിനിധി കൺവീനറുമാണ്. കോർപ്പറേഷൻ തലത്തിൽ മേയർ അദ്ധ്യക്ഷനും, ജില്ലാ മജിസ്ട്രേറ്റ്, പോലീസ് മേധാവി, പി.ഡബ്ല്യു.ഡി. എന്നിവരുടെ പ്രതിനിധികൾ അംഗങ്ങളും, ആർ.ടി.ഓ-യുടെ പ്രതിനിധി കൺവീനറുമാണ്. |
| **(ഡി)** | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | **(ഡി)** കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ വകുപ്പു തലത്തിൽ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**